LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലത്ത് വനിതാ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി

127 [887] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വനിതാ ഹോസ്റ്റൽ നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെട്ടിട നിർമ്മാണത്തിന് വേണ്ടി കണ്ടെത്തിയ സ്ഥലം ഏതാണെന്ന് വ്യക്തമാക്കാമോ ;

(സി) ഹോസ്റ്റൽ പണിയുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതിയുടെ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) കെട്ടിട നിർമ്മാണ പ്രവർത്തി എന്നാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ കീഴിലുള്ള കുന്ദമംഗലം വില്ലേജിലെ റീ സർവ്വേ നമ്പർ 482/2-ലുള്ള 18 സെന്റ് സ്ഥലം.

(സി & ഡി) കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) ഭരണാനുമതി നൽകി കഴിഞ്ഞാൽ ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

ഉത്തരകേരളത്തിലെ അനുഷ്ഠാനകലകളെ പ്രോത്സാഹിപ്പിക്കാൻ നടപടി

128 [888] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരകേരളത്തിലെ അനുഷ്ഠാനകലകളെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഉത്തരകേരളത്തിലെ അനുഷ്ഠാനകലകളെ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും ഒരു അക്കാദമി ആവശ്യമാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എവിടംവരെ എത്തിയെന്ന് വിശദീകരിക്കുമോ ?